# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago

Vol XV - Issue 023 June 1 2025 | www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053


## സീറോ മലബാർ സഭാധ്യക്ഷൻ മാർ റാഫേൽ തട്ടിലിന് സെൻ്റ് മേരീസിൽ ഊഷ്മളമായ സ്വീകരണം



സെൻ്റ് മേരീസ് ഇടവകയുടെ പതിനഞ്ചാമത് ആഘോഷങ്ങളുടെ ഭാഗമായി മെയ് 29 വ്യാഴാഴ്ച്ച വൈകിട്ട് 6 മണിക്ക് കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, ഷിക്കാഗോ സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്, ഷിക്കാഗോ സീറോ മലബാർ രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരോടൊപ്പം എത്തിയ റാഫേൽ പിതാവിന് കൈക്കാരൻമാർ ബൊക്കെ നൽകി സ്വീകരിക്കുകയും, താളമേളങ്ങളുടെയും താലപ്പൊലികളുടെയും അകമ്പടിയോടെ ദൈവാലയത്തിലേക്ക് നയിക്കുകയും ചെയ്തു. തുടർന്ന് ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി ആഘോഷമായ പൊന്തിഫിക്കൽ കുർബ്ബാനയർപ്പണം അഭിവന്ദ്യ മാർ റാഫേൽ തട്ടിലിൻ്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു. മാർ മാത്യു മൂലക്കാട്ട്, മാർ ജോയി ആലപ്പാട്ട്, മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരോടൊപ്പം ക്നാനായ റീജിയൻ ഡയറക്ടർ മോൺസിഞ്ഞോർ തോമസ് മുളവനാൽ, ഇടവകയുടെ സ്ഥാപക വികാരി ഫാ. എബ്രഹാം മുത്തോലത്ത്, വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, ഫാ. ഫ്രാൻസിസ് ഇലവുത്തുങ്കൽ എന്നിവർ സഹകാർമ്മികരായിരിന്നു.

ഇടവകയ്ക്ക് പതിനഞ്ച് വർഷങ്ങളായി നേതൃത്വം നൽകിയ വൈദീകരെയും, സന്ന്യസ്തരെയും, എക്സിക്യൂട്ടീവ് അംഗങ്ങളെയും, ഇടവകയുടെ സ്ഥാപനത്തിന് നേതൃത്വം കൊടുത്തവരെയും, വിശ്വാസ പരിശീലനത്തിന് നേതൃത്വം നല്കിയവരെയും ഈ വർഷം ഗ്രാജുവേറ്റ് ചെയ്ത യുവതീ യുവാക്കളെയും ആദരിച്ചു. ആഘോഷ കമ്മറ്റി ചെയർമാൻ ബിനു കൈതക്കത്തൊട്ടിയിൽ, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ പരിപാടികൾ ഏകോപിപ്പിച്ചു. കൈക്കാരൻ സാബു കട്ടപ്പുറം നന്ദി അറിയിച്ചു. സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു. ആഘോഷങ്ങളുടെ ക്രമീകരണങ്ങൾക്കായി ബിനു കൈതക്കത്തൊട്ടി, സ്റ്റീഫൻ കിഴക്കേക്കുറ്റ്, സ്റ്റീഫൻ ചൊള്ളമ്പേൽ, ടോണി പള്ളിയറതുണ്ടത്തിൽ, മിനി എടകര, ടെസ്സി ഞാറവേലിൽ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റി, പാരിഷ് കൗൺസിൽ അംഗങ്ങൾ, ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, എന്നിവർ നേതൃത്വം നൽകി.

# Church Schedule

## HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

## HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

## NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

## CONFESSION

Everyday before Holy Qurbana

## RELIGIOUS EDUCATION

Sunday: 10:00AM

## ADORATION CHAPEL

9:00AM - 9:00 PM




## Liturgical Bible Readings

### ഉയിർപ്പുകാലം : ഏഴാം ഞായർ

**Scripture Reading:**
**St. Xaviers Koodarayogam**

ഏശ 6:1–13
ഏശയ്യാ വിശുദ്ധീകരിക്കപ്പെട്ട് അയയ്ക്കപ്പെടുന്നു.

ശ്ലീഹ 1:15–26
ഉത്ഥാനത്തിന് സാക്ഷിയാകാൻ മത്തിയാസ് തിരഞ്ഞെടുക്കപ്പെടുന്നു.

ഫിലി 2:1–11
ഈശോ കർത്താവാണെന്ന് എല്ലാ നാവുകളും ഏറ്റുപറയണം.

മർക്കോ 16:14–20
ഉത്ഥിതനെ പ്രഘോഷിക്കാൻ അയയ്ക്കപ്പെടുന്നു.

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Fr. Anish Maveliputhenpura (Asst. Vicar): 773 423 7292
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

June7: Feast of St. Mariam Thresia

June 8: The Feast of Pentecost

June 27: Feast of Sacred Heart of Jesus

June 15: Father's Day Celebrations

July 3: Dukhrana of St. Thomas

July 30: CCD Summer Camp

August 3 : Main Feast: Flag Hoisting

August 10: Main Parish Feast

August 15: Assumption of Our Lady

# "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ."



ഉയിർപ്പുകാലത്തിന്റെ ഏഴാം ഞായറാഴ്ചയിലേക്ക് പ്രവേശിക്കുമ്പോൾ, തിരുസഭാമാതാവ് നമുക്ക് വചനവിചിന്തനത്തിനായി നൽകിയിരിക്കുന്നത് വി. മർക്കോസ് അറിയിച്ച സുവിശേഷം 16-ാം അധ്യായം 14 മുതൽ 20 വരെയുള്ള തിരുവചനങ്ങളാണ് – "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ."

എന്താണ് ഉത്ഥാനം? സ്നേഹമാണ് ആത്യന്തികമായി വിജയിക്കുന്നത് എന്നതിന്റെ സ്വീകരണമാണ് ഉത്ഥാനം. സ്നേഹത്തിന്റെ വിജയശക്തിയിൽ ആശ്രയിക്കാതെയിരിക്കുന്നത് ഹൃദയകാഠിന്യമുള്ളവർ മാത്രമാണ്. അധികാരവും പണവും മാത്രമേ വിജയിക്കൂ എന്ന് ധരിച്ചിരിക്കുന്നവരാണ് ഹൃദയകാഠിന്യമുള്ളവർ. പഴയനിയമ വായനയിൽ നാം ഇസ്രായേൽ ജനത്തിന്റെ ഹൃദയകാഠിന്യത്തെക്കുറിച്ച് പിതാവായ ദൈവം ഏശയ്യാ പ്രവാചകനോട് പറയുന്നു. "അവർ വീണ്ടും വീണ്ടും കാണും; ഗ്രഹിക്കുകയില്ല. അവർ കാണുകയും കേൾക്കുകയും ചെയ്തിട്ടും മനസിലാക്കാതിരിക്കാനും മാനസാന്തരപ്പെടാതിരിക്കാനും വേണ്ടി ഞാൻ അവരുടെ ഹൃദയം കഠിനമാക്കും." എന്തുകൊണ്ടാണ് സ്നേഹനിധിയായ പിതാവായ ദൈവം ഇങ്ങനെ പറഞ്ഞത്. അത് അവർ ദൈവസ്നേഹത്തിൽ നിന്നും അകന്നുപോയതുകൊണ്ടാണ്. ദൈവത്തിനു മുമ്പിൽ അവർ പാപം ചെയ്തതുകൊണ്ടാണ്. ഇതിനാലാണ് തന്റെ മക്കളായ സകല ജനപദങ്ങളുടെയും പാപങ്ങൾക്ക പരിഹാരമായി, തന്റെ ഏകജാതനെ നൽകുവാൻ തയ്യാറായതിലാണ് പിതാവായ ദൈവത്തിന്റെ സ്നേഹം പ്രകടമാകുന്നത്.

ലോകപ്രശസ്ത ചിന്തകനും തത്വജ്ഞാനിയുമായ ജിദ്ദു കൃഷ്ണമൂർത്തി ഒരിക്കൽ പറഞ്ഞു: "Love is a painful Exodus" – നൊമ്പരപ്പെട്ടുകൊണ്ടുള്ള ഒരു പുറപ്പാടാണ് സ്നേഹം. അഥവാ അഹത്തിന്റെ കൂടാരത്തിൽ നിന്ന് അപരനിലേക്കുള്ള പുറപ്പാടാണ് സ്നേഹം. സർവ്വശ്രേഷ്ഠമായ ഈ സവിശേഷതയാണ് നാം ഓരോരുത്തരുടെയും കേന്ദ്രബിന്ദു. ദൈവസ്നേഹത്തിന് ഭംഗം വന്നാൽ ആ സവിശേഷതയെ മാറ്റിനിർത്തി ജീവിക്കാൻ സാധ്യമല്ല എന്ന് ഈശോ തന്നെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. കാരണം, ദൈവസ്നേഹത്തിലാണ് നാം ഓരോരുത്തരും പുരോഗമിക്കുന്നതും സ്വമനസ്സാലെ മറ്റുള്ളവരെ സഹായിക്കുന്നതും അവർക്ക് അപ്രകാരം ജീവിക്കാൻ പ്രചോദനം നൽകുന്നതും.

ഇന്നത്തെ തിരുവചനഭാഗത്തേക്കു നോക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കുക, ദൈവസ്നേഹം എന്നത് എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക എന്നതാണ്. എന്താണ് സുവിശേഷം അഥവാ സദ്വാർത്ത? വി. മർക്കോസിന്റെ സുവിശേഷം 1:14-15 വരെയുള്ള തിരുവചനഭാഗത്ത് അത് വ്യക്തമാക്കിയിട്ടുണ്ട്. ദൈവത്തിന്റെ സദ്വാർത്ത ഇതാണ്. ദൈവം പിതാവാണ്. നാമെല്ലാവരും മക്കളാണ്. ദൈവം നമ്മെ തന്റെ മക്കൾ എന്നപോലെ സ്നേഹിക്കുന്നു. അപ്പോൾ നാം പ്രഘോഷിക്കേണ്ടത്, ദൈവം മനുഷ്യനെ സ്നേഹിക്കുന്നുവെന്ന് നാം പ്രഘോഷിക്കണം. അതിനുള്ള തെളിവ്, യേശു അന്ധരുടെയും കുഷ്ഠരോഗികളുടെയും വേശ്യകളുടെയും ദരിദ്രരുടെയും കൂടെയായിരുന്നു. കാരണം, ദൈവം അവരുടെ കൂടെയാണ്; സ്വർഗരാജ്യവും അവരുടേതാണ്. ഈ ദൈവസ്നേഹം ഒന്നും തന്നെ തിരിച്ച് പ്രതീക്ഷിക്കുന്നില്ല. ദൈവസ്നേഹത്തിന്റെ കുത്തൊഴുക്ക് മനുഷ്യനിൽ മാറ്റം വരുത്തുന്നു. ആ സ്നേഹലാവയിൽ നാം മനസലിഞ്ഞ് ദൈവത്തിങ്കലേക്കു തിരിയും. യേശുവിന്റെ സദ്വാർത്തയുടെ സവിശേഷത എന്താണ് എന്നു ചോദിച്ചാൽ പഴയനിയമത്തിൽ പ്രവാചകന്മാർ ആവശ്യപ്പെട്ടു: അനുതപിക്കുക. ദൈവം നിങ്ങളെ സ്നേഹിക്കും. എന്നാൽ ഈശോ പറഞ്ഞു: ദൈവം സ്നേഹിക്കുന്നതിനാൽ മനുഷ്യൻ അനുതപിക്കുമെന്ന്. ദൈവം ഡിമാൻഡ് വയ്ക്കാതെ മനുഷ്യനെ സ്നേഹിക്കുമെന്നു പഠിപ്പിച്ചു.

വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്ന അൾത്താര ഉത്ഥിതനായ ഈശോയെ അനുഭവിക്കാനുള്ള വേദിയായി മാറിയിരിക്കുന്നു. ഈ സ്നേഹം എപ്പോഴും സാന്നിധ്യം നൽകുന്നതാണ്. ഉത്ഥിതൻ ശിഷ്യർക്ക് തന്റെ സാന്നിധ്യം നൽകുന്നു. അവരെ സ്നേഹത്തിൽ ഉറപ്പിക്കുന്നു. അങ്ങനെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കപ്പെടുമ്പോൾ മാത്രമാണ് ഈശോയുടെ ദൗത്യം നിർവ്വഹിക്കാൻ ക്രിസ്തുശിഷ്യരായ നാം ഓരോരുത്തരും ഒരുക്കപ്പെടുന്നത്. ഓരോ വിശുദ്ധ കുർബാനയിലും സന്നിഹിതനായിക്കൊണ്ട് ഈശോ നമുക്ക് അനുവദിച്ചുതരുന്നത് അവിടുത്തെ അനുഭവിച്ചുകൊണ്ട് സ്നേഹത്തിന്റെ പൂർണ്ണതയിലേക്കും വിശ്വാസത്തിന്റെ ഉറപ്പിലേക്കും പ്രത്യാശയിലുള്ള സ്ഥൈര്യപ്പെടലിലേക്കുമുള്ള വളർച്ചയാണ്. ക്രിസ്തുശിഷ്യൻ എന്ന നിലയിൽ നമുക്ക് അവിടുത്തെ ദൗത്യം ഏറ്റെടുക്കാൻ ഈ വളർച്ച കൂടിയേതീരൂ. ആ കൃപാവരത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

# "GO INTO ALL THE WORLD AND PREACH THE GOSPEL TO ALL CREATION."



As we enter the seventh Sunday of the Season of Resurrection, the Holy Mother Church gives us the Gospel passage from the Gospel of St. Mark, chapter 16, verses 14 to 20, for our reflection—"Go into all the world and preach the Gospel to all creation."

What is the Resurrection? The Resurrection is the acceptance of the truth that love ultimately triumphs. Only those with hardened hearts can remain untouched by the power of love's victory. Those who believe that only power and wealth can succeed are the ones with hardened hearts. In the Old Testament, God the Father speaks through the prophet Isaiah about the hardness of heart of the people of Israel: "They will see again and again but not perceive. They will hear but not understand. I will harden their hearts so that they do not understand or turn and be healed." Why would the loving Father say this? Because they had strayed from the love of God. They sinned before God. It is to reconcile the sins of all people that the Father's love was revealed by offering His only Son.

The world-renowned philosopher and thinker Jiddu Krishnamurti once said: "Love is a painful Exodus." Love is a journey—a departure from the tent of ego toward the other. This most noble of traits should be the center of each of our lives. Jesus reminded us that when divine love is broken, it is impossible to truly live out that core characteristic. For it is in the love of God that each of us progresses, helps others with sincerity, and inspires them to live in a new way.

When we reflect on today's Gospel passage, we see that divine love calls us to preach the Gospel to all creation. But what is the Gospel or Good News? In Mark 1:14–15, it is made clear: The Good News is that God is our Father, and we are all His children. God loves us as His own. Therefore, our proclamation must be this: God loves humanity. The proof of this love lies in Jesus' presence among the blind, the lepers, the prostitutes, and the poor. Because God is with them, and the Kingdom of Heaven belongs to them.

This love expects nothing in return. The outpouring of divine love brings transformation in the human heart. In that stream of love, we turn to God with repentance. If we ask what makes the Gospel of Jesus unique, it is this: In the Old Testament, the prophets declared, "Repent, and God will love you." But Jesus proclaimed, "Because God loves you, you will repent." He taught that God loves without making demands.

The altar upon which the Holy Qurbana (Eucharist) is offered has become the space to encounter the Risen Jesus. This love is always present. The Risen Lord gives His presence to His disciples. He strengthens them in love. Only when we are strengthened in faith and love are we, the disciples of Christ, prepared to fulfill His mission.

In every Holy Qurbana, Jesus comes near to us —offering us the grace to grow in the fullness of love, the assurance of faith, and steadfastness in hope. As disciples of Christ, may we grow in readiness to carry out His mission. Let us pray for this grace.

## ചിക്കാഗോ സെൻ്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങൾ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു.



## ചിക്കാഗോ സെൻ്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം ഭക്തിപൂർവ്വം നടത്തപ്പെട്ടു.





# സീറോ മലബാർ സഭാധ്യക്ഷൻ മാർ റാഫേൽ തട്ടിലിന് സെന്റ് മേരീസിൽ ഊഷ്മളമായ സ്വീകരണം







































# St. Mary's Knanaya Catholic Parish of Chicago Excels in Venerable Mar Mathew Makil Competitions!

The Venerable Mar Mathew Makil Competitions, organized by the Visitation Congregation for the entire Knanaya region, was a grand celebration of talent, culture, and community. We are incredibly proud to share that St. Mary's Knanaya Catholic Parish, Chicago made a remarkable impact by sponsoring all the prizes and winning 7 out of 12 awards across multiple categories!

**Category 1 – Grades 3–5**
Sponsor: Sibu Ulangara

1St Prize: Jennifer Joseph Kochikunnel
3rd Prize; Charlette Kaithakkathottiyil

**Category 2 – Grades 6–8**
Sponsor: Job Makil

1st Prize: Philip Nedumthuruthil
2nd Prize: Jash Thottunkal

**Category 3 – Grades 9–12**
Sponsor: Jaibu Kulangara

1st Prize: James Kunnassery
3rd Prize: Sandra Kunnassery

**Category 4 – Adults**
Sponsor: Thomas Kallidukkil

3rd Prize: Cisy John Moolakkattu

Congratulations once again to our talented winners and thank you to all who uplifted our community through your support and participation!

## *Prize distribution of Venerable Mar Mathew Makil Competition from Chicago St Mary's*







# ചിക്കാഗോ സെന്റ് മേരീസ് ഇടവകയുടെ പതിനഞ്ചാമത് ആഘോഷങ്ങളുടെ ഭാഗമായി മതബോധനസ്കൂൾ അധ്യാപകരെ ആദരിച്ചു.











സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ട മതബോധനസ്കൂൾ അധ്യാപകരുടെ പിക്നിക്ക് അധ്യാപർക്ക് ആദരാമർപ്പിക്കുന്ന ഉല്ലാസപ്രദമായ പരിപാടിയായി മാറി. മതബോധനസ്കൂളിലെ അധ്യാപകർക്ക് കുടുംബസമേതം ഒരു ദിവസം എന്ന ഉദ്ദേശത്തോടെ യൂട്ടിക്ക സ്റ്റേറ്റ് പാർക്കിലേക്ക് നടത്തപ്പെട്ട പിക്നിക്കിന് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ നേതൃത്വം നൽകി. ഫാ. സിജു മുടക്കോടിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച പിക്ക്നിക്ക് വൈവിധ്യമാർന്ന പരിപാടികളോടെയാണ് മുന്നോട്ട് പോയത്. അധ്യാപകരുടെ കുടുംബസംഗമം യുട്ടിക്ക സ്റ്റേറ്റ് പാർക്കിൽ ട്രെക്കിങ്ങ്, മീൻപിടുത്തം, വിവിധതരം ഗെയിമുകൾ തുടങ്ങി രസകരമായ പരിപാടികളോടെ സജീവമായി നടത്തപ്പെട്ടു. വിസിറ്റേഷൻ സന്ന്യാസ സമൂഹത്തിന്റെ ചിക്കാഗോയിലെ സുപ്പീരിയർ സി. ജെസീന, ഇടവക സെക്രട്ടറി സി. ഷാലോം, മതബോധനസ്കൂൾ ഡയറക്ടർ സജി പൂതൃക്കയിൽ എന്നിവർ പിക്ക്നിക്ക് ഉല്ലാസ പ്രദവും സജീവമാകുവാനും വേണ്ടി പ്രവർത്തിച്ചു. കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പി. ആർ. ഓ. അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ സജ്ജീകരണങ്ങൾക്ക് നേതൃത്വം വഹിച്ചു.

St. Mary's

# Knanaya Catholic Parish of Chicago

## FATHER'S DAY CELEBRATIONS

# JUNE 15TH SUNDAY

FAITHFUL FATHERS,
BLESSED FAMILIES





# St. Mary's Knanaya Catholic Church

## "THE SHRINE OF GUADALUPE" & MEXICO CITY

From Chicago
September 4-7, 2025

ALL-INCLUSIVE PACKAGE
featuring 5-star hotels



## TOUR HIGHLIGHTS

### Day 1

- Morning arrival in Mexico City & breakfast
- Visit the City, including the Zocalo, view the National Palace, Mass in the Basilica of Guadalupe
- After lunch, visit the Museum of Anthropology



### Day 2

- Pyramids of Teotihuacan & Coyoacan
- Lunch at Gran Teocalli in Teotihuacan
- Church of San Juan Bautista & Church of El Carmen

### Day 3

- Visit Mexico city and historic and Chapultepec Park Mass
- at Basilica of Our Lady of Ocotlan
- Shrine of San Miguel Del Milagros



### Day 4

- Visit Basilica of Guadalupe and Mass at the Basilica
- Shopping and transfer to the airport

**Group Leaders**

**Rev. Fr. Siju Mundakkodil**

**Johnikutty Pillaveettil**

847-924-3493

(847) 759-0899 | www.mathewstour.com | info@mathewstour.com